# പണ്ടത്തെ കേരള വിഭാഗങ്ങളും ഭരണരീതിയും

കേസരി ബാലകൃഷ്ണപിള്ള



പണ്ടത്തെ കേരള വിഭാഗങ്ങളും ഭരണരീതിയും
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Royal cortege leaving Rajagriha.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പണ്ടത്തെ കേരള വിഭാഗങ്ങളും ഭരണരീതിയും

ഗോകർണം ക്ഷേത്രം.

പ്രാചീനപാരസികരുടെ സപ്തചിരംജീവികളിൽ ഒരാളുടെ നാമമാണ് ഭൂമിദേവീപുത്രനെന്ന് അർത്ഥമുള്ള ഗയോകർണൻ. വൃത്രഘ്നനെന്നും ഇവർ ഇദ്ദേഹത്തെ വിളിച്ചുവന്നിരുന്നു.[1] ഭാരതീയരുടെ സപ്തചിരംജീവികളിൽ ഒരാളായ ആദിമഹാബലിയും ഇദ്ദേഹമാകുന്നു. ചരിത്രാതീതകാലത്തെ ആദിമനുവും (കലസ്ഥാപകനും) ആദിബ്രഹ്മാവായ മഹാവിഷ്ണുവത്രേ ഇദ്ദേഹം.

ഇദ്ദേഹത്തിന്റെ ഗോകർണനാമം വഹിച്ചിരുന്നവയും, മഹാബലി ക്ഷേത്രങ്ങളുള്ളവയുമായ പല ഗോകർണനഗരങ്ങളും പണ്ടു പശ്ചിമഭാരതത്തിന്റെ തീരദേശങ്ങളിൽ സ്ഥിതിചെയ്തിരുന്നു. ഉത്തരകാനറയിലെ ഗംഗാവലി നദീമുഖത്ത് ഇന്നു നിൽക്കുന്ന ഗോകർണം ഇവയിലൊന്നാകുന്നു.

1. വൃത്രഘ്നനെ ഋഗ്വേദസംഹിതയിലും കാണാം.

## നാലു ഖണ്ഡങ്ങൾ

ഗോകർണത്തിനും കന്യാകമാരിക്കുമിടയ്ക്കു കേരളം, അഥവാ പരശുരാമക്ഷേത്രം സ്ഥിതിചെയ്തിരുന്നു എന്ന പിൽക്കാല ഐതിഹ്യം പറയുന്ന ഗോകർണം ഇതല്ല, പിന്നെയോ, ദക്ഷിണ കാനറയിലെ കുന്ദാപുർ താലൂക്കിലെ ഇന്നത്തെ കോടീശ്വരം ഗ്രാമമാകുന്നു. ഇവിടെയും ഒരു മഹാബലി ക്ഷേത്രം പണ്ടു സ്ഥിതിചെയ്തിരുന്നു. കോടീശ്വരമായ ഈ ഗോകർണം മുതൽക്കു കന്യാകമാരി വരെയുള്ള ചേരരാജ്യത്തെ നാലു ഖണ്ഡങ്ങളാക്കി ഭാഗിച്ചിരുന്നു എന്ന് കേരളോൽപ്പത്തിയിൽ വിവരിച്ചിട്ടുണ്ട്, ആര്യപ്പെരുമാളിനു (717–729 എ. ഡി.) മുമ്പുള്ള നാലു ഖണ്ഡങ്ങൾ, വടക്കുനിന്നു തെക്കോട്ടു മുറയ്ക്കു തുളു, കൂപകം (കവളം), കേരളം, മൂഷികം എന്നിവയും, ഇതിനുശേഷമുള്ളവ മുറയ്ക്കു തുളു, കേരളം, മൂഷികം, കൂപകം (കവളം) എന്നിവയും ആകുന്നു.

ആര്യപെരുമാളിനു മുമ്പുള്ള തുളുഖണ്ഡം ഗോകർണം (കോടീശ്വരം) മുതൽക്കു പെരുമ്പുഴ (നേത്രാവതീനദി) വരെയും, കൂപകഖണ്ഡം പെരുമ്പുഴ മുതൽക്കു പുതുപട്ടണം (ഹോസ്ദുർഗ്) വരെയും, കേരളഖണ്ഡം പുതുപ്പട്ടണം മുതൽക്കു കണ്ടേറ്റി (കോട്ടപ്പുഴ മുഖത്തുള്ള കോട്ടയ്ക്കൽ) വരെയും, മൂഷികഖണ്ഡം കണ്ണേറ്റി മുതൽക്കു കന്യാകമാരി വരെയും നീണ്ടുകിടന്നിരുന്നു. ആര്യപെരുമാളിനു ശേഷമുള്ള തുളുഖണ്ഡം ഗോകർണത്തിനും (കോടീശ്വരത്തിനും) പെരുമ്പുഴയ്ക്കും (ചന്ദ്രഗിരി പുഴയ്ക്കും) ഇടയ്ക്കും, കേരളഖണ്ഡം പെരുമ്പുഴയ്ക്കും പുതുപട്ടണത്തിനും (കോട്ടയ്ക്കലിനും) ഇടയ്ക്കും, മൂഷികഖണ്ഡം പുതുപട്ടണത്തിനും കണ്ണേറ്റിക്കും (കരുനാഗപ്പള്ളി താലൂക്കിലെ കണ്ണേറ്റിക്കും) ഇടയ്ക്കും, കൂപക ഖണ്ഡം കണ്ണേറ്റിക്കും കന്യാകമാരിക്കുമിടയ്ക്കും ആണ് സ്ഥിതിചെയ്തിരുന്നത്.

സപാദലക്ഷ / ശിവാലിക്.

ഹോസ്ദുർഗ് എന്ന കർണാടക പദത്തിന്റെ അർത്ഥം പുതുദുർഗം, അഥവാ പുതുപട്ടണം എന്നാകുന്നു. കണ്ടേറ്റി എന്നതിനു കന്നേറ്റി എന്നൊരു പാഠഭേദവുമുണ്ട്. കന്ദേറ്റിക്കു സമീപം കന്ദൻപെരുമാൾ കന്ദിവാകകോവിലകം പണിയിച്ചു എന്നു കേരളോല്പത്തിയിൽ പറഞ്ഞിരിക്കുന്നു. കന്ദിവാകകോവിലകത്തു ഇരയമനെ തെക്കിളംകൂറ്റരസ്വരാനെന്നും, കാഞ്ഞിരോട്ടഴിക്കു സമീപത്തുള്ള വിജയൻ കൊല്ലത്തു കോയിൽ കേരളവർമനെ വടക്കിളംകൂറ്റരസ്വരാനെന്നും കോലത്തിരി കല്പിച്ചതായും കേരളോല്പത്തി പ്രസ്താവിച്ചിട്ടുണ്ട്. കാഞ്ഞിരോട്ടഴി കാസർക്കോടിനു സമീപത്തുള്ളതാകുന്നു.

കോട്ടയ്ക്കൽ കൊല്ലത്തുനാടിന്റെ തെക്കൻ അതിർത്തിയിലായിരുന്നതു നിമിത്തം കന്നേറ്റി കോട്ടയ്ക്കൽ ആണെന്ന് അനുമാനിക്കാം. പുതുപട്ടണം ലോപിച്ചുണ്ടായതാണ് പുതുപ്പണമെന്നത്. ആര്യപ്പെരുമാളിന്റെ കാലത്തു കോട്ടപ്പുഴമുഖത്തിന്റെ തെക്കൻകരയിൽ നിൽക്കുന്ന കോട്ടയ്ക്കൽ പുതുപട്ടണം എന്ന അപരനാമവും വഹിച്ചിരുന്നതായി അനുമാനിക്കാം. ആര്യപ്പെരുമാളിന്റെ പിൻഗാമിയായിരുന്നു കന്ദിവാകകോവിലകം പണിയിച്ച കന്ദൻപെരുമാൾ.

## നാഗരഐതിഹ്യം

1932-ലെ 'ഇന്ത്യൻ ആൻടിക്വറി'യിൽ 'നാഗരബ്രാഹ്മണരും, ബംഗാളിലെ കായസ്ഥരും' എന്നൊരു വിജ്ഞാനപ്രദമായ ലേഖനം ഡി. ആർ. ഭണ്ഡാർകർ എഴുതിയിരുന്നു. ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്രജാതിക്കാർ ഉൾപ്പെട്ടിരുന്ന നാഗരവർഗ്ഗക്കാരുടെ ഐതിഹ്യം വിസ്തരിച്ചു വിവരിച്ചിട്ടുള്ള ഈ ലേഖനത്തിൽനിന്ന ചില സംഗതികൾ ചുവടെ ചേർക്കുന്നു:

രവിനദി മുതൽക്കുള്ള പൂർവ്വപഞ്ചാബിലും, ഉത്തരപ്രദേശത്തുമായി സ്ഥിതിചെയ്യുന്ന സപാദലക്ഷ (ശിവാലിക്) പർവ്വതനിരയുള്ള ദേശത്തു 72 ഗ്രാമങ്ങളിലായി സപാദലക്ഷീയബ്രാഹ്മണർ (ഹിന്ദുക്കൾ) പാർത്തിരുന്നു. ഇവർ നാലു ജാതികളിലും ഉൾപ്പെട്ട ഹിന്ദുക്കൾ ആയിരുന്നു. നാഗരവർഗം എന്നും ഇവർക്കു പേരുണ്ടായിരുന്നു. ഹാടകേശ്വരൻ ആയിരുന്നു ഇവരുടെ കലദേവത. ഇവരുടെ 72 ഗ്രാമങ്ങളിൽ നിന്നു നാലു ജാതിയിൽപ്പെട്ട ഒരു കുടിപാർപ്പുസംഘം ഉത്തരഗുജറാത്തിലെ പണ്ടത്തെ ചമൽക്കാരപുരം, അഥവാ ആനന്ദപുരം, നിന്നിരുന്ന ഇന്നത്തെ വടനഗർ നിൽക്കുന്ന ദേശത്തു വന്ന് ഇവിടുത്തെ റാണിയുടെ അനുവാദസഹിതം നിവസിക്കുകയുണ്ടായി. ഇവരിൽ 68 ഗ്രാമക്കാർ റാണിയിൽ നിന്നു ഭൂമിദാനം വാങ്ങി ഇവിടെ പാർത്തു. ശേഷിച്ച നാലു ഗ്രാമക്കാർ ദാനം വാങ്ങാൻ മടിച്ചു തിരിച്ചു പോയി. ഈ 68 ഗ്രാമക്കാരിൽ മറ്റു നാലു ഗ്രാമക്കാർ ഇവിടത്തെ നാഗൻമാരെ ഭയന്നു പിന്നീട് ഇവിടെ നിന്നു പലായനം ചെയ്തു. ഇങ്ങനെ ചമൽക്കാരപുരത്ത് 64 ഗ്രാമക്കാർ മാത്രം ശേഷിച്ചു.

വസന്തസേന—മൃച്ഛകടികത്തിലെ നായിക.

പിന്നീട് ഇവിടെവച്ചു ശക്രൻ ഒരു യജ്ഞം നടത്തുവാൻ നിശ്ചയിച്ചു. ഇതിനായി ഇദ്ദേഹം ഹിമാലയദേശത്തുനിന്ന് എട്ടു നാഗരബ്രാഹ്മണ ഗ്രാമക്കാരെ ക്ഷണിച്ചുകൊണ്ടുവന്നു. ഇവർക്കു അഷ്ടകലിനർ എന്ന പേരുകിട്ടി. ഇവരിൽ ചിലർ മധ്യഗർ, അഥവാ മധ്യദേശക്കാർ, ആയിരുന്നു. അഷ്ടകലിനരിൽ നിന്നു വേർതിരിക്കവാൻ ഇവിടെ ഉണ്ടായിരുന്ന 64 ഗ്രാമക്കാർക്കു സാമാന്യർ എന്ന പേരു കൊടുക്കുകയും ചെയ്തു. നാഗരവർഗ്ഗക്കാർ ആണ് ശൗരസേനി പ്രാകൃതഭാഷയോട് അടുപ്പമുള്ള നാഗര, ഉപനാഗര എന്നീ രണ്ട് അപ്രംശഭാഷകളും, നാഗരലിപിയും സൃഷ്ടിച്ചവർ.

പിൽക്കാലത്തു സപാദലക്ഷദേശത്തുനിന്നു നാഗരവർഗ്ഗശാഖകൾ ബീഹാറിലും, ബംഗാളിലും, രാജപുട്ടാനയിലെ ബിക്കാനിറിലും, പോയി കുടിപാർക്കുകയുണ്ടായി. ബംഗാളിലേക്കു പോയവരത്രേ ഇവിടത്തെ കായസ്ഥബ്രാഹ്മണരുടെ പൂർവ്വികർ. യമനായ ധർമരാജന്റെ അനജനം, കണക്കെഴുത്തുകാരനുമായ ചിത്രഗുപ്തനെ കായസ്ഥർ തങ്ങളുടെ കലസ്ഥാപകനായി കരുതിവന്നു. കായസ്ഥപദത്തിന്റെ അർത്ഥം ലേഖകൻ, അഥവാ ഗണകൻ എന്നാണെന്നു വിജ്ഞാനേശ്വരൻ പറഞ്ഞിട്ടുണ്ട്. രാജാവു നിയമിച്ച കായസ്ഥൻ ഒരു പ്രമാണം ഒപ്പിടുമ്പോൾ അതു രാജാവിന്റെ ഒപ്പായി കരുതപ്പെട്ടു വരുന്നു എന്നു വിഷ്ണുസ്മൃതി ചൂണ്ടികാണിച്ചിട്ടുണ്ട്. ബംഗാളി ബ്രാഹ്മണർ കായസ്ഥരെ ശൂദ്രരായി പരിഗണിച്ചിരുന്നു.

തമിഴ്നാട്ടിലെ തിരുക്കോയിലൂരിലെ തമിഴ് ലിഖിതം.

തമിഴ്നാട്ടിലെ പ്രാചീനകേരളത്തിൽ നമ്പൂതിരിമാർ വന്നതിനെപ്പറ്റിയുള്ള ഐതിഹ്യത്തിലും, നാഗരഐതിഹ്യത്തിലെ 64 ഗ്രാമകഥയും, നാഗരരെ ഭയന്നുണ്ടായ പലായനകഥയും, അഷ്ടഅധ്യന്മാരുടെ കഥയും കാണാം. ഇതിൽ നിന്ന് ഈ കഥകൾ തമിഴ്നാട്ടിലെ പ്രാചീനകേരളത്തെ സംബന്ധിച്ചവയല്ലെന്ന് അനുമാനിക്കാം. വി. ആർ. ഭണ്ഡാർകർ ചമൽക്കാരപുരം (ആനന്ദപുരം) ഗുജറാത്തിലെ ഇന്നത്തെ വടനഗരമാണെന്നു വിചാരിക്കുന്നു. ഇതു ശരിയല്ല. ആദ്യത്തെ ആനന്ദപുരം ഹെല്യഷ (ഹർഷ) എന്ന ഹൂയാൻസാങ്ങ് പേരിട്ടിട്ടുള്ള തെക്കൻ കാശ്മീരത്തെ ഇന്നത്തെ രാജൗരി നഗരമായിരുന്നു. ഇവിടെ നിന്നുള്ള ഒരു കുടിപാർപ്പുസംഘമാണ് ഗുജറാത്തിലെ ആനന്ദപുരം പിന്നീട് സ്ഥാപിച്ചത്. 'ഹർഷം എന്നതിന് ആനന്ദം എന്ന അർത്ഥമുണ്ടല്ലോ. പൌരാണികകേരളത്തിന്റെ രാജധാനികളിൽ ഒന്നായിരുന്നു രാജൗരി എന്ന് 1956-ലെ ജയകേരളം വിശേഷാൽപ്രതിയിൽ ഞാൻ സ്ഥാപിച്ചിരുന്നു. ഗുജറാത്തിൽ നിന്ന് ഈ നാഗരർ ആദ്യം ദക്ഷിണാപഥത്തിലേക്കും, പിന്നീട് കേരളത്തിലേക്കും പോന്നു.

## 64 ഗ്രാമങ്ങൾ

കേരളത്തിലെ '64 നമ്പൂതിരിഗ്രാമങ്ങൾ' എന്നു പറഞ്ഞുവരുന്നവ വാസ്തവത്തിൽ നമ്പൂതിരിമാർ മാത്രം പാർത്തുവന്നിരുന്നവ അല്ല. പിന്നെയോ, നമ്പൂതിരിമാർ ഉൾപ്പെട്ട നാനാജാതിക്കാരും മതക്കാരും നിവസിച്ചിരുന്നവ ആയിരുന്നു എന്നു ഭണ്ഡാർകരുടെ ലേഖനം സൂചിപ്പിക്കുന്നുണ്ട്. ഗ്രാമണി എന്ന ഔദ്യോഗിക നാമത്തിൽ ഗ്രാമവാസികളായ ഹിന്ദു-ബൗദ്ധ-ജയിനാദികളുടെ ഇടയിൽ ഈ മതക്കാരുടെ സ്മൃതികളും ധർമശാസ്ത്രങ്ങളും അനസരിച്ചു നീതിന്യായപരിപാലനം നിർവ്വഹിക്കുന്ന പ്രാഡ്വിവാകൻ (ജഡ്ജി) നമ്പൂതിരിയുടെ അധ്യക്ഷതയിൽ ഓരോ ഗ്രാമസഭയും കൂടി ഗ്രാമഭരണം നടത്തിവന്നു. ഇതു നിമിത്തമത്രേ ഈ ഗ്രാമങ്ങളെ നമ്പൂതിരിഗ്രാമങ്ങൾ എന്നു ജനകീയഐതിഹ്യം പേരിട്ടിട്ടുള്ളത്. ഇന്നത്തെ പഞ്ചായത്തുകളെപ്പോലെ ഈ ഗ്രാമസഭകൾ പ്രാദേശിക സ്വയംഭരണം മാത്രം നടത്തിവന്നിരുന്നു.



രാമഗ്രാമത്തിലേയ്ക്കുള്ള അശോകന്റെ സന്ദർശനം.

അശോകമൗര്യന്റെ കാലത്ത് (273–232 ബി. സി.) സത്യപുത്രം, കേരളപുത്രം എന്നീ രണ്ടു രാജ്യങ്ങൾ ഉത്തരകാനറയിലെ ഗോകർണത്തിനും കന്യാകമാരിക്കമിടയ്ക്കു സ്ഥിതിചെയ്തിരുന്നു. ഗോകർണമെന്നും പേരുണ്ടായിരുന്ന കോടീശ്വരം വരെയുള്ള കടലോരദേശവും, മൈസൂരും, സത്യപുത്രത്തിലും, ഇതിനു തെക്കുള്ള സമുദ്രതീരദേശവും, കൊംഗം, കേരളപുത്രത്തിലും ഉൾപ്പെട്ടിരുന്നു. പതിവായി പരസ്പരവിവാഹങ്ങൾ നടത്തിപ്പോന്ന സ്വതന്ത്രരാജ്യങ്ങളായിരുന്നു ഇവ രണ്ടും ഭരിച്ചിരുന്നത്.

മൗര്യസാമ്രാജ്യാധപ്പതനം സംഭവിച്ച 184 ബി. സി.-ക്കുശേഷം ഒരു സത്യപുത്രനൃപന്റെയും കേരളപുത്രറാണിയുടേയും മകൻ രാമഘടമൂഷികൻ (170–146 ബി. സി.) തന്റെ വാഴ്ചാരംഭത്തിൽ രണ്ടു രാജ്യങ്ങളേയും തമ്മിൽ യോജിപ്പിച്ചുവെങ്കിലും, തന്റെ അന്ത്യകാലത്തു രണ്ടു പുത്രന്മാരായ വട്ടവിനും, നന്ദനനമായിട്ടു പഴയപടി ഇതിനെ രണ്ടായി ഭാഗിക്കുകയാണ് ചെയ്തത്. വടക്കൻ രാജ്യത്തിനു ആന്ധ്രപുത്രമെന്നും, ഹൈഹയമെന്നും പേരുകൾ സിദ്ധിക്കുകയുണ്ടായി. ഈ രാമഘടമൂഷികൻ ഒന്നാമത്തെ ചേരമാൻപെരുമാളാണ താനും.

64 ഗ്രാമങ്ങളും സ്ഥാപിച്ചതിനശേഷം, "ശ്രീ പരശുരാമൻ 64 ഗ്രാമത്തേയും വരുത്തി വെള്ളപ്പനാട്ടിൽ കൊണ്ടുവന്നുവച്ചു. 64 ഗ്രാമത്തിനും 64 മാവും തീർത്തു, 64 ദേശവും തിരിച്ചു കൽപിച്ചു, ഓരോരോ ഗ്രാമത്തിനും അനുഭവിപ്പാൻ വെവ്വേറെ ദേശവും വസ്തുവും തിരിച്ചുകൊടുത്തു. ഒരു ഗ്രാമത്തിനും വെള്ളപ്പനാട്ടിൽ വസ്തുവും തറവാടും കൂടാതെ കണ്ടില്ല. 64 ഗ്രാമത്തിനും വെള്ളപ്പനാടു പ്രധാനം എന്നു കൽപ്പിച്ചു."

ഇപ്രകാരം കേരളോൽപ്പത്തിയിൽ പറഞ്ഞിട്ടുള്ള വെള്ളപ്പനാടു സത്യപുത്രത്തിന്റെ രാജധാനിയും, മൈസൂരിലെ ശിക്കാർപ്പുർ താലൂക്കിലെ ബെൾഗാമെ (ബലിഗ്രാമം) നഗരത്തിൽ നിന്നിരുന്ന മാഹിഷ്മതിയും ആകുന്നു. മൈസൂർ ഐതിഹ്യം ബെൾഗാമെയ്ക്കു ബിജനഗരമെന്നും, തമിഴ് ഐതിഹ്യം ഇതിനു കരുവൂർ (ബീജനഗരം) എന്നും പേരിട്ടിട്ടുണ്ട്.

പ്രാചീനകേരളത്തിലെ 64 ഗ്രാമങ്ങൾ ഒരേ സമയത്തല്ല സ്ഥാപിക്കപ്പെട്ടത്. ക്രമേണ പല കാലങ്ങളിലുമായി ഇവ ഉത്ഭവിച്ചു. ഗ്രാമങ്ങളുടെ സ്ഥാനങ്ങൾക്കും മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഒരു ഗ്രാമത്തിൽ നിന്നു കുടിപാർപ്പുകാർ മറ്റൊന്നു സ്ഥാപിക്കുമ്പോൾ, ഇവർ പലപ്പോഴും മാതൃഗ്രാമത്തിന്റെ പേരുകൾ പുതിയ ഗ്രാമങ്ങൾക്കു നൽകിവന്നിരുന്നു. ഒരു ഗ്രാമത്തിന് ഒരു പുതിയ പേരുകൊടുക്കുകയാണെങ്കിൽ, ഇതിന്റെ ഒരു അപരനാമമാക്കി മാതൃഗ്രാമത്തിന്റെ നാമം നിലനിർത്തിവന്നിരുന്നു താനും.

## ഗ്രാമങ്ങളും നഗരങ്ങളും നാട്ടുകളും

കേരളോൽപ്പത്തിയുടെ പുറം താൾ.

ഒടുവിലത്തെ ചേരമാൻപെരുമാൾ കേരളം ഭാഗിച്ചു കൊടുത്ത കഥ വിവരിക്കുമ്പോൾ, അന്നുണ്ടായിരുന്ന വിഭാഗങ്ങൾ മുതലായവയെ കേരളോൽപ്പത്തിയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "കന്യാകമാരി ഗോകർണത്തിന്റെ ഇടയിൽ... ചേരമാൻ നാടു തൃശ്ശിവപേരൂരാകാരം വഴിനാട്ടും, 4448 ദേവപ്രതിഷ്ഠയും, 108 ദുർഗാലയവും, 360 ഭൂതപ്രതിഷ്ഠയും, 108 നാൽപ്പത്തീരടിയും 64 ഗ്രാമവും, 96 നഗരവും, 18 കോട്ടപ്പടിയും, 17 നാട്ടും—ഉലനാട്ടു, കോലത്തു നാട്ടു, പോനാട്ടു, കുറുമ്പനാട്ടു, പുറവഴിനാട്ടു, ഏറനാട്ടു, പറപ്പനാട്ടു, വള്ളുവനാട്ടു, രാവണനാട്ടു, വെട്ടത്തുനാട്ടു, തിരുമാനശ്ശേരിനാട്ടു, പെരിമ്പടപ്പുനാട്ടു, നെടുങ്ങനാട്ടു, വെങ്ങനാട്ടു, മുറിങ്ങനാട്ടു, ഓണനാട്ടു, വേണാട്ടു, അണഞ്ഞ അഞ്ചുനാട്: പാണ്ടി, കൊംഗു, തുളു, വയനാട്ടു, പുന്നാട്ടു, എന്നു പറയുന്നു."

നാൽപ്പത്തീരടികൾ വെളിച്ചപ്പാട്ടു ക്ഷേത്രങ്ങൾ ആകുന്നു. ഇത്തരം ക്ഷേത്രങ്ങൾ പണ്ട് ഏഷ്യ ഒട്ടുക്കും, ഈജിപ്റ്റിലും, ഗ്രീസിലും, ഇറ്റലിയിലും മറ്റും സ്ഥിതിചെയ്തിരുന്നു. കേരളോൽപ്പത്തി ഭാഗത്തിൽ ഗ്രാമങ്ങളേയും, നഗരങ്ങളേയും പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണ്? ഗ്രാമം പ്രാദേശിക സ്വയംഭരണാവകാശമുള്ള ഘടകവും, നഗരം ദേശവാസികൾ മുതലായവർ മുഖേന രാജാവു നേരിട്ടു ഭരിച്ചിരുന്ന ഘടകവും ആണെന്നുള്ളതത്രേ ഇവ തമ്മിലുള്ള ഒരു വ്യത്യാസം. തൊഴിൽസംഘങ്ങൾ (നിഗമങ്ങൾ) മാത്രമേ ജനകീയ സ്ഥാപനങ്ങളായി നഗരങ്ങളിൽ ഉണ്ടായിരുന്നുള്ളൂ. ഇവ തൊഴിൽ സംബന്ധിച്ച കാര്യങ്ങൾ മാത്രമേ തീരുമാനിച്ചിരുന്നുള്ളൂ.

നഗരങ്ങളിലെ തൊഴിൽസംഘങ്ങളുടെ വ്യാപാരങ്ങളിൽ രാജാവ് ഒരു നികതി ചുമത്തിയിരുന്നു. അന്നത്തെ ഒരു വലിയ നികതിയനം ആയിരുന്ന ഈ തൊഴിൽനികതിയിൽ (അങ്കത്തിൽ) ഒരു സാരമായ ഭാഗം സകല ജാതിക്കാരും അടങ്ങിയിരുന്ന ഗണികസംഘങ്ങൾ കൊടുത്തിരുന്നു. പ്രാചീനഭാരതത്തിൽ ഗണികകൾക്കുണ്ടായിരുന്ന മാന്യമായ സ്ഥാനവും, ഇവരുടെ ഗുണങ്ങളും, ഇവരെ രാജാവു ബഹുമാനിച്ചിരുന്നതും, എ. ഡി. മൂന്നാം ശതകത്തിലെ വാത്സ്യായനന്റെ 'കാമസൂത്ര'ത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

"അഭിരമ്യച്ഛ്രതാ വേശ്യാ
ശീലരൂപഗുണാന്വിതാ
ലഭതേ ഗണികാശബ്ദം
സ്ഥാനം ച ജനസംസദി
പൂജിതാ സാ സദാ രാജാ
ഗുണവദ്ഭിശ്ച സംസ്തുതാ
പ്രാർഥനീയാ അ ഭിഗമ്യാ ച
ലക്ഷ്യഭൂതാ ച ജായതേ."




മണിമേഖലയുടെ പുറംതാൾ.

പിൽക്കാലത്തെ വിജയനഗരസാമ്രാജ്യത്തിലെ പൊലീസ് വകുപ്പിന്റെ ചെലവിനു വേണ്ടതു മുഴുവനം ഗണികനികതിയിൽ നിന്നു കിട്ടിയിരുന്നു എന്നു കെ. ടി. ഷാ ചൂണ്ടിക്കാട്ടിയിരുന്നു. ഇതുപോലെതന്നെ ആയിരുന്നിരിക്കണം തമിഴ്സംഘകാലത്തെ (498–817 എ. ഡി.) ഗണികനികതിയും. പണ്ടത്തെ ഗണികകൾക്കു സമുദായത്തിൽ ഉണ്ടായിരുന്ന സ്ഥാനത്തെ പറ്റി ഷാ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "വൈവാഹികജീവിതത്തിന്റെ സുഖകരമായ പോക്കിനു വിഘ്നം വരുത്താതെ കാക്കുന്ന പ്രവൃത്തി മാത്രമല്ല ഗണിക ചെയ്തിരുന്നത്. അവൾ ഒരു ഗവർൺമെന്റുദ്യോഗസ്ഥയും, പ്രജകളുടെ ആരോഗ്യത്തെ സംരക്ഷിച്ചുകൊണ്ടുപോയിരുന്നവളും കൂടിയായിരുന്നു."

മറ്റൊരു കാര്യം ഷാ ഇവിടെ പ്രസ്താവിച്ചിട്ടില്ല: പൊതുവർ (പൊതുമകളിർ) എന്ന തമിഴ് സംഘമഹാകാവ്യമായ 'മണിമേഖല'യിൽ പേരിട്ടിട്ടുള്ള ഈ ഗണികകൾ കലാഭിവൃദ്ധിക്കു വേണ്ടി ചെയ്തിരുന്ന വേലയത്രേ ഇത്. തമിഴ് സംഘകാലത്തെ നർത്തകികൾ, കവയിത്രികൾ, പാട്ടുകാരികൾ എന്നിവരിൽ ഒരു വലിയ ഭാഗം ഈ പൊതുവ ആയിരുന്നു. 'ചിലപ്പതികാര'ത്തിലെ കോവലന്റെ വെപ്പാട്ടിയായിരുന്ന മാധവിയെ ഇത്തരക്കാരുടെ ഒരു ഉദാഹരണമായി എടുത്തുകാട്ടാം. 'മൃച്ഛകടിക'മെന്ന പ്രാചീന സംസ്കൃതനാടകത്തിലെ വസന്തസേനയും ഇത്തരക്കാരിയിരുന്നു.

ചേരമാൻ പെരുമാളിന്റെ രേഖാചിത്രം.

ഗ്രാമവും നഗരവും തമ്മിലുള്ള മറ്റൊരു വ്യത്യാസം ഭൂനികതിയായ വിളവിന്റെ ആറിലൊരംശം ഗ്രാമങ്ങളിൽ നിന്നു പിരിച്ചെടുക്കുവാൻ രാജാവിന് അധികാരമില്ല എന്നുള്ളതാകുന്നു. ഇതിനെ കേരളോൽപ്പത്തിയിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു: "മുമ്പിൽ 64 ഗ്രാമത്തിനും ഒത്തിച്ചു പൂവും നീരും കൊടുത്തതു അനുഭവിപ്പാൻ ജന്മം എന്നു പറയുന്നു. ആ കൊടുത്തതു ഓരോ ഗ്രാമങ്ങളിലുള്ള തറവാട്ടുകാർക്കു ഒത്തിച്ചുകൊടുത്തതു ഏകോകം. പിന്നെ പത്തു ഗ്രാമത്തിൽ 14 ഗോത്രത്തിൽ 36,000 ബ്രാഹ്മണർക്കു വാളിന്മേൽ നീർപകർന്നുകൊടുത്തതു രാജാംശം; അവർക്കു എന്റെ ജന്മം എന്നു ചൊല്ലി വിരൽ മുക്കാം. മറ്റവർക്കു 'എന്റെ ജന്മം' എന്നു വിരൽ മുക്കരുത്. അവർക്ക് അനുഭവത്തിന്നേ മുക്കുള്ളു. അവർ അന്യോന്യം മുക്കുമ്പോൾ 'എനിക്കു അനുഭവം' എന്നു ചൊല്ലി വിരൽമുക്കേണം."

പിന്നെയും കേരളോൽപ്പത്തിയിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "രാജാവിനു മലനാട്ടിൽ ഷൾഭാഗം കൊടുത്തിട്ടില്ല; വൃത്തിയേ കൊടുത്തിട്ടുള്ളൂ; എല്ലാവരുടെയും വസ്തുവിന്മേലും ഷൾഭാഗം രക്ഷാപുരുഷന്മാർ അനുഭവിച്ചു; രണ്ടാമതു തളിയാതിരിമാർ അനുഭവിച്ചു; പിന്നെ ചാത്തിരർക്കായി കൽപ്പിച്ചുവട്ടയാൽ ഇന്നു ചാത്തിരർക്ക് ആയതുണ്ട്." ഇതിലെ വൃത്തി (വിരുത്തി) ഗ്രാമങ്ങളൊഴിച്ചുള്ള ശേഷിച്ച രാജ്യഭാഗങ്ങളിൽനിന്നു ഭൂനികതി, അങ്കം, ചുങ്കം മുതലായവ പിരിച്ചെടുക്കുവാനുള്ള അവകാശമാകുന്നു. ഈ ഭാഗങ്ങളിലുള്ള വസ്തുക്കളുടെ ജന്മാവകാശം രാജാവിലാണ് സ്ഥിതിചെയ്തിരുന്നത്. ഗ്രാമവസ്തുക്കളുടെ ജന്മാവകാശം ഗ്രാമക്കാർക്ക് എല്ലാവർക്കും കൂടിയുള്ളതുമാകുന്നു.

## പത്തര അവരോധകഴകങ്ങൾ



ചേര സാമ്രാജ്യ (കേരളപുത്രന്മാർ) ചിഹ്നം.

64 ഗ്രാമങ്ങളെ പത്തര അവരോധകഴകങ്ങളാക്കി സംഘടിപ്പിച്ചു. ഇവയിൽ ഓരോന്നിന്റേയും ഭരണത്തിന്റെ മേൽനോട്ടം അവരോധകഴകങ്ങളെ ഏൽപ്പിച്ചിരുന്നു. ഓരോ കഴകത്തിനും ഓരോ രക്ഷാപുരുഷനെ ഗ്രാമപ്രതിനിധികൾ യോഗം കൂടി ഒരു ക്ലിപ്തകാലത്തേക്കു തിരഞ്ഞെടുത്തിരുന്നു. നിഴൽയോഗങ്ങളെന്നും ഇവയ്ക്കു പേരുണ്ട്. നിഴൽ എന്ന തമിഴ്പദത്തിന്റെ അർത്ഥം രക്ഷിക്കുക എന്നതാകുന്നു. നിഴൽയോഗത്തിൽ രാജാവിന്റെ പ്രതിനിധിക്ക് അര വോട്ടു മാത്രമേ ഉണ്ടായിരുന്നുള്ളു. ഇങ്ങനെയാണ് പത്തര അവരോധകഴകങ്ങളുണ്ടായത്. രക്ഷാപുരുഷന്മാരെ ആദിയിൽ മൂന്നുവർഷത്തേക്കും, പിന്നീട് 12 വർഷത്തേക്കും ആണ് തിരഞ്ഞെടുത്തിരുന്നത്. ഇവയിലിട്ടു ഇവരെ കുറേനാൾ അഞ്ചാണ്ടിലേക്ക് തിരഞ്ഞെടുത്തിരുന്നു എന്നുമൊരു ഐതിഹ്യമുണ്ട്.

കഴകനിശ്ചയങ്ങൾ നടത്തിക്കൊടുത്തതു രക്ഷാപുരുഷന്മാരായിരുന്നു. ഇതിനു പ്രതിഫലമായി രക്ഷാപുരുഷർ ഗ്രാമങ്ങളിലെ വിളവിന്റെ ആറിലൊരംശം പിരിച്ചെടുത്തിരുന്നു. അവരോധനമ്പി, വാഴ്വർ, വാഴുന്നവർ, ആളുവർ, വാൾനമ്പി, ചാത്തിരർ (ശാസ്ത്രികൾ, ശാസ്ത്രം അഥവാ ആയുധം എടുത്തവർ) എന്നീ ഔദ്യോഗികനാമങ്ങൾ ഇവർ വഹിച്ചിരുന്നു. രാജാവിനെപ്പോലെ വധശിക്ഷ നടത്തുവാനും ഇവർക്ക് അധികാരം ഉണ്ടായിരുന്നു.

12 വാഴുന്നവരുടെ പേരുകൾ കേരളോൽപ്പത്തിയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇടപ്പള്ളി നമ്പ്യാതിരി, വെങ്ങനാട്ടു നമ്പ്യാതിരി, കനിത്തല പണ്ടാല, പുതുമനക്കാട്ടു നമ്പ്യാതിരി, ഇളമ്പയിലാണ്ടല, പുന്നത്തൂർ നമ്പിടി, തലയൂർ മൂസത്, പിലാന്തോളിൽ മൂസത്, ചോഴത്തു ഇളയത്, കഴിമണ്ണു മൂസത്, കല്ലൂക്കാട്ടു ഇളയത്, പൊന്നിനിലത്തു മുമ്പിൽ, എന്നിവയത്രേ ഈ പേരുകൾ[2] പത്തര അവരോധകഴകങ്ങളിൽ ഓരോന്നിനോട്ടും—പെരിഞ്ചെല്ലൂർ 3000, പറപ്പൂർ 5000, ചെങ്ങന്നൂർ 5000, എന്നിങ്ങനെ സംഖ്യകൾ ഘടിപ്പിച്ചിട്ടുണ്ട്. ഇവയെല്ലാംകൂടി മുപ്പത്തിആറായിരം വരും. ഈ അവരോധകഴകങ്ങൾ ഭരണമേൽനോട്ടം വഹിച്ചിരുന്ന ചെറുഗ്രാമങ്ങളിൽ ഉണ്ടായിരുന്ന കട്ടികളുടെ ആകെത്തുകയത്രേ ഈ സംഖ്യകൾ.

2. വെങ്ങനാടു കൊല്ല / കോടിലും, ഇളമ്പയിൽ കോഴിക്കോടു താലൂക്കിലും, കഴിമണ്ണു മലബാറിലെ ആലത്തൂരും, കല്ലൂക്കാട്ടു പെരുമനത്തും, പൊന്നിനിലത്തു പെരിഞ്ചെല്ലൂരിലും സ്ഥിതിചെയ്തിരുന്നു

കേരളോൽപ്പത്തിയുടെ ഒരു പാഠത്തിൽ കേരളത്തിൽ പണ്ടു പ്രചരിച്ചിരുന്ന വ്യാഴവട്ടുഗണനത്തെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു: "മുന്നേ കൊല്ലമില്ല, കാലമറിവാൻ കലിയേ ഉള്ളൂ. അത് എല്ലാവർക്കും തിരിയായ്ക കൊണ്ടു 64 ഗ്രാമത്തിൽ ബ്രാഹ്മണർ കേരളത്തിലുള്ള രാജാക്കന്മാരും കൊല്ലത്തു യാവാരിയുംകൂടി ചിറ കഴിച്ച കാലം... അന്നു ക്ഷേത്രം തീർത്തു. കൊല്ലം അന്നു തുടങ്ങി വ്യാഴത്തിന്റെ മുമ്പിൽ നടത്തിയിരിക്കുന്നു. കലി എല്ലാവർക്കും അറിഞ്ഞുകൂടാ, ജ്യോതിഷക്കാർക്ക് അറിഞ്ഞുകൂടാ. കൊല്ലവർഷം അറിഞ്ഞുകൊള്ളാം. അതുകൊണ്ടു കൊല്ലവും വ്യാഴവും കൂടിനടത്തുന്നു."

വ്യാഴഗ്രഹം ഏതു നക്ഷത്രത്തോടു കൂടിച്ചേർന്നു നിൽക്കുന്നുവോ, അതിൽ തന്നെ പന്ത്രണ്ടു വർഷം കഴിഞ്ഞു തിരിച്ചു വരുന്നതാണ്. ഇതിൽ നിന്നു ജ്യോതിശാസ്ത്രത്തിലെ വ്യാഴവട്ടം ഉത്ഭവിച്ചു. ഈ വ്യാഴവട്ടമാണ് പണ്ടു കേരളത്തിൽ സർവത്ര പ്രചരിച്ചിരുന്നത്. അറുപതു വർഷമടങ്ങിയ പുരാണങ്ങളിലെ ചതുർയുഗത്തിന്റെ, അഥവാ ബൃഹസ്പതിവർഷവട്ടത്തിന്റെ, അഞ്ചിലൊരംശം ആണ് ഇത്. ഈ ഇരുതരം വർഷവട്ടങ്ങളും പണ്ടു തിബത്തുകാരുടേയും, ചീനന്മാരുടേയും ഇടയ്ക്കും പ്രചരിച്ചിരുന്നു.

ചേരമാൻ പെരുമാൾ നയനാർ, തഞ്ചാവൂർ ബൃഹദീശ്വര ക്ഷേത്രം.

12 വർഷത്തേക്കുമാത്രം തിരഞ്ഞെടുക്കുന്ന രക്ഷാപുരുഷന്മാരെ പരമ്പരയാ നാട്ടുവാണിരുന്ന ചേരരാജാക്കന്മാരെ 12 വർഷത്തേക്കുമാത്രം നിയമിക്കുന്നവരാക്കി കേരളോൽപ്പത്തിയിൽ പറഞ്ഞിരിക്കുന്നതു അബദ്ധമാണ്. രാജ്യത്തിലെ ഗ്രാമങ്ങളുടെ തലവന്മാരായുള്ള രക്ഷാപുരുഷരെ 12 വർഷത്തേക്കു മാത്രമേ അവരോധിച്ചു നിയമിച്ചിരുന്നുള്ളൂ. തന്നിമിത്തം ഇവർക്ക് 12 വർഷത്തേക്ക് മാത്രമേ രാജാവിനെ അംഗീകരിക്കാൻ അധികാരമുണ്ടായിരുന്നുള്ളൂ. അതിനശേഷം തിരഞ്ഞെടുക്കുന്ന രക്ഷാപുരുഷർ പിന്നെയും 12 വർഷത്തേക്ക് ആ രാജാവിനെത്തന്നെ അംഗീകരിച്ചിരുന്നു. ഇതാണ് കേരളോൽപ്പത്തി പറഞ്ഞിട്ടുള്ളതിന്റെ യഥാർത്ഥ അർത്ഥം. മറ്റു തമിഴ്നാട്ടുരാജ്യങ്ങളായ പാണ്ഡ്യത്തിലും, ചോഴത്തിലും രാജാക്കന്മാർ പരമ്പരയാ നാട്ടുവാണിരുന്നതുപോലെ ചേരരും പരമ്പരയാ നാട്ടുവാണിരുന്നു.

കേരളത്തിൽ നാട്ടുവാണിരുന്ന പണ്ടത്തെ സ്വരൂപങ്ങളിൽ ഓരോന്നിന്റെയും കലദേവത ഭഗവതിയായിരുന്നു. അവരോധകഴകങ്ങളുടെയും കഥ ഇതുതന്നെയാണ്. കഴകി എന്നും പര്യായമുള്ള അവരോധഗ്രാമദേവിയുടെ ക്ഷേത്രവളപ്പിൽ വച്ചു കഴകയോഗങ്ങൾ നടത്തിവന്നിരുന്നതുമൂലം, ഗ്രാമക്കൂട്ടങ്ങൾക്കും. കഴകങ്ങൾ എന്നു പേരുകിട്ടി. ചേരം ഒഴിച്ചുള്ള ശേഷിച്ച തമിഴ്നാട്ടുരാജ്യങ്ങളിൽ, ഗ്രാമക്കൂട്ടമായ കഴകത്തെ കോട്ടമെന്നു വിളിച്ചുവന്നിരുന്നു. ഭഗവതിയുടെ മറ്റൊരു പര്യായമായ കോട്ടവി എന്നതിൽ നിന്നത്രേ ഈ നാമം ഉത്ഭവിച്ചത്.

## ഐംപെരുങ്കുഴുവും, എൺപേരായവും

ചേര സാമ്രാജ്യത്തിന്റെ നാണയം.

രാജ്യംഭരിക്കുന്നതിൽ ചേരരാജാക്കന്മാരെ ഉപദേശിച്ചിരുന്ന രണ്ടു സമിതികളാണ് ഐംപെരുങ്കുഴുവും, എൺപേരായവും, കുഴ എന്നതിനു സഭ, സമിതി എന്ന് അർത്ഥമുണ്ട്. രാഷ്ട്രീയ മന്ത്രിമാർ, പുരോഹിതർ, സേനാപതിമാർ, ധാന്യസംഭരണ ഉദ്യോഗസ്ഥന്മാർ, ചാരപ്രമാണികൾ എന്നിവരുടെ സമിതിയാണ് ഐംപെരുങ്കുഴു. കഴകപ്രതിനിധികളായ തളിയാതിരി നമ്പൂതിരിമാരും പുരോഹിതരിൽ ഉൾപ്പെട്ടിരുന്നു. സെക്രട്ടറിമാർ, പൊലീസ് മേധാവികൾ, പലതരം സൈന്യവിഭാഗങ്ങളുടെ തലവന്മാർ, നഗരഭരണം നിർവഹിക്കുന്നവർ മുതലായവർ ആണ് എൺപേരായത്തിലെ അംഗങ്ങൾ.

സാർവത്രികമായ രാജകീയാധികാരത്തിൽ നിന്നു രക്ഷകിട്ടണമെങ്കിൽ, പ്രജകൾ ഏതാനം ക്ഷേത്രസങ്കേതങ്ങളിൽ പോയി അഭയം പ്രാപിച്ചേ മതിയാവൂ. ഇവിടെ രാജഭടന്മാർ പ്രവേശിക്കരുത് എന്നുള്ള ആചാരം ചേരരാജാക്കന്മാർ ഒരിക്കലും ലംഘിച്ചിരുന്നില്ല.

# കേസരി ബാലകൃഷ്ണപിള്ള




പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്നു കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കടിപ്പള്ളിക്കുടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐച്ഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ചു വക്കീലായി പ്രാക്ടീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

## പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജി വെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്തു.

## സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

## കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

## അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

## കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ ( നാലു വാള്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014